മിനിമം ശാരൻറി തരുവാൻ ഇതുവരെ മുന്നോട്ടു വന്നിട്ടില്ല. അതിനുവേണ്ടി ലേയ്ക്ക് ലൈൻ നീട്ടുന്നതിനുള്ള ഒരു അപേക്ഷ 5-55-ൽ കിട്ടിയിട്ടുണ്ട്. അതു് അനേഷണത്തിലിരിക്കുകയാണു്.

(സി) ഉദിക്കുന്നില്ല.

അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റം.

89. [11] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി പ്രൈവറ്റ് സ്കൂൾ അദ്ധ്യാപക സംഘടനയുടെ ആഹ്വാനപ്രകാരം പണിമുടക്കിൽ ഏർപ്പെട്ടതിനു് അദ്ധ്യാപകസംഘടനയുടെ പ്രവർത്തകരെ സ്ഥലംമാറ്റിയതായും മറ്റു തരത്തിലുള്ള ശിക്ഷണനടപടികൾ എടുത്തിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനേൽ എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ;

(സി) പെരുന്ന എൻ. എസ്സ്. എസ്സ്. ഇംഗ്ലീഷ് ഹൈസ്കൂളിലെ അവതദ്ധ്യാപകന്മാരെ ഇത്തരത്തിൽ വിവിധ സ്ഥലങ്ങളിലേയ്ക്കു സ്ഥലം മാറ്റിയിട്ടുള്ളതായി അറിയാമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) മാനേജർക്കു് തൻറെ കീഴിലുള്ള സ്കൂളുകളിലേയ്ക്കു അദ്ധ്യാപകന്മാരെ സ്ഥലംമാറ്റം ചെയ്യാനുള്ള അധികാരമുള്ളതുകൊണ്ടു് അക്കാര്യത്തിൽ ഗവണ്മെൻറ് ഇടപെട്ടിട്ടില്ല. പണിമുടക്കിയ ദിവസത്തെ ശമ്പളം പിടിക്കരുതെന്നു് കല്പനയായിട്ടുണ്ടു്. ശമ്പളം കിട്ടിയിട്ടില്ലെന്നുള്ള പരാതിയെപ്പറ്റി അനേഷിക്കുന്നുണ്ടു്.

(സി) അറിയാം.

വിഴിഞ്ഞം-പൂവാർ റോഡു് നന്നാക്കൽ.

90. [17] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളരെക്കാലമായി മെറ്റൽ ചെയ്യാത്തതുകൊണ്ടും സൈഡു കെട്ടാത്തതുകൊണ്ടും വിഴിഞ്ഞം-പൂവാർ റോഡു് ഇടിഞ്ഞു പൊളിഞ്ഞും വീതി കുറഞ്ഞും യാത്രയ്ക്കു് വളരെ അസൗകര്യം ഉണ്ടാക്കുന്നുണ്ടോ ;

(ബി) ഈ അസൗകര്യം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു് ?

ഉത്തരം.

(എ) ഈ റോഡിൻറെ ചില ഭാഗങ്ങൾ കേടുവന്നിരിക്കുന്നതിനാൽ യാത്രയ്ക്കു് അല്പം അസൗകര്യം ഉണ്ടു്.

(ബി) ഈ റോഡു് നന്നാക്കുന്നതിലേയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly